**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ശുചിത്വ മിഷൻ - ജീവനക്കാര്യം - ശ്രീ. പ്രേമരാജൻ കെ.വി., (പി.ഡി. ടീച്ചർ, ജി.എൽ.പി.എസ്., തെന്നൂർ, തിരുവനന്തപുരം)- കാസർഗോഡ് ജില്ലാ ശുചിത്വ മിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 2925/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 23/12/2019**

---

പരാമർശം:-1) 23.06.2019-ലെ സ.ഉ.(കൈ.)നം.72/2019/ത.സ്വ.ഭ.വ.

2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.11.2019 തീയ്യതിയിലെ 2212/ബി/2019/എസ്എം നം. കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി)യുടെ 14 തസ്തികകളും, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യൂ.എം)-ന്റെ 14 തസ്തികകളും സൃഷ്ടിച്ചുകൊണ്ടും ടി തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നല്കികൊണ്ടും ഉത്തരവായിരുന്നു. ഇതിൻപ്രകാരം കാസർഗോഡ് ജില്ലാ ശുചിത്വ മിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ തിരുവനന്തപുരം ജില്ലയിലെ തെന്നൂർ ജി.എൽ.പി.എസ്-ലെ പി.ഡി. ടീച്ചറായ ശ്രീ. പ്രേമരാജൻ കെ.വി.യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ, പരാമർശം 2 പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ തെന്നൂർ ജി.എൽ.പി.എസ്-ലെ പി.ഡി. ടീച്ചറായ ശ്രീ. പ്രേമരാജൻ കെ.വി.യെ കാസർഗോഡ് ജില്ലാ ശുചിത്വ മിഷനിൽ ഒഴിവുള്ള അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 140(സി)യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനത്തിന് ബാധകമായ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**നന്ദന ആർ.പി.**
**അണ്ടർ സെക്രട്ടറി**

ശ്രീ.പ്രേമരാജൻ കെ.വി. (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**